**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** **19-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് - വയനാട് തുരങ്കപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ ഒ . ആർ. കേളു | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് - വയനാട് തുരങ്കപാത നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കുമോ; | (എ) | കോഴിക്കോട്-വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത നിർമ്മാണ പ്രവൃത്തിയുടെ ഡി.പി.ആർ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി (Turnkey basis) സ്പെഷ്യൽ പർപസ് വെഹിക്കിൾ ആയി കൊങ്കൺ റെയിൽ കോർപ്പറേഷൻ ലിമിറ്റഡ്-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കുവേണ്ടിയുള്ള സ്ഥലമെടുപ്പ് 92% പൂർത്തിയായിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. 17.263 ഹെക്ടർ വന ഭൂമിക്കുള്ള സ്റ്റേജ്-I ഫോറെസ്റ്റ് ക്ലിയറൻസ് MOEFCC ബാംഗ്ലൂർ റീജിയണൽ ഓഫീസിൽ നിന്ന് 31.03.2023-ന് ലഭിച്ചിട്ടുണ്ട്. 12 മാസത്തെ സമഗ്രമായ Environmental Impact Assessment പഠനം 31.07.2023-ൽ പൂർത്തിയാക്കി. State Environmental Appraisal Committee യുടെ നോമിനേറ്റഡ് കമ്മിറ്റി 22/05/2024 ന് നിർദ്ദിഷ്ട ടണൽ സൈറ്റ് പരിശോധിച്ചു. |
| (ബി) | പ്രസ്തുത പദ്ധതിക്കായുള്ള ഭൂമിയേറ്റെടുക്കൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | പദ്ധതിയ്ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് വയനാട് ജില്ലയിൽ 100% പൂർത്തിയായിട്ടുണ്ട്. കോഴിക്കോട് ജില്ലയിൽ ആകെ ആവശ്യമായ 11.1582 ഹെക്ടർ ഭൂമിയിൽ 9.3037 ഹെക്ടർ ഏറ്റെടുത്തിട്ടുണ്ട്. |
| (സി) | തുരങ്കപാത നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | ടെൻഡർ വിജ്ഞാപനം രണ്ട് പാക്കേജ് ആയി പുറപ്പെടുവിച്ചിട്ടുണ്ട്. പാക്കേജ്-1 93.12 കോടി രൂപയുടെയും പാക്കേജ്-II 1643.33 കോടി രൂപയുടെയും ആണ്. ടെക്നിക്കൽ ബിഡ് 19.04.2024- ന് തുറക്കുകയും ആയതിന്റെ സൂക്ഷ്മപരിശോധന നടന്നു വരികയും ചെയ്യുന്നു. 2024 ജൂൺ അവസാനത്തോടെ ഫിനാൻഷ്യൽ |

| | | | |
|---|---|---|---|
| | | | ബിഡ് തുറന്ന് കരാർ നൽകുവാൻ കഴിയും എന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | ഇതിനായി പ്രതീക്ഷിക്കുന്ന പദ്ധതി ചെലവ് എത്രയാണെന്ന് വ്യക്തമാക്കുമോ; | (ഡി) | കൊങ്കൺ റെയിൽവേ കോർപറേഷൻ ലിമിറ്റഡ് (KRCL) നൽകിയ വിശദമായ ഡി.പി.ആർ സർക്കാർ അംഗീകരിക്കുകയും 2043.74 കോടി (ജി.എസ്.ടി ഒഴിവാക്കിയ തുക) രൂപയുടെ പരിഷ്കരിച്ച ഭരണാനുമതി 25/02/2022 ൽ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടോ; | (ഇ) | കരാർ നൽകിയതിനുശേഷം നാല് വർഷമാണ് പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി. |
| (എഫ്) | തുരങ്കത്തിലേക്കുള്ള അനുബന്ധപാത സംസ്ഥാനപാതയായി പ്രഖ്യാപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ? | (എഫ്) | തുരങ്കത്തിലേക്കുള്ള അനുബന്ധപാത സംസ്ഥാന പാതയായി പ്രഖ്യാപിച്ചിട്ടുണ്ട്. 30.01.2024-ലെ ഗസറ്റ് വിജ്ഞാപനം പ്രകാരം പ്രസ്തുത റോഡ് എസ്.എച്ച് 83 ആയിട്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ